# കേട്ടുകേൾവി പോയപോക്ക്

അന്നത്തെ നിലയ്ക്ക് അതൊരു സംഭവമായിരുന്നു. വിരൂപറാണി പെരിയമ്മ ഞങ്ങളുടെ സോഷ്യോളജി അസോസിയേഷൻ ഉദ്ഘാടനം ചെയ്തു.

1970-ലാണ്. ഞങ്ങളൊക്കെ അന്ന് കോഴിക്കോട്ട് ഗുരുവായൂരപ്പൻ കോളേജിൽ പഠിക്കുകയാണ്. കോഴിക്കോട്ട് കെങ്കേമമായി വൈരൂപ്യമത്സരം നടന്നു. മാഹിക്കാരൻ ഖാലിദ് വിരൂപരാജനും തമിഴത്തി പെരിയമ്മ വിരൂപറാണിയും ആയി തിരഞ്ഞെടുക്കപ്പെട്ടു. എസ്. സുന്ദർദാസിന്റെ നേതൃത്വത്തിൽ ഞങ്ങൾ വിരൂപറാണിയെ കോളേജിൽ കൊണ്ടുവന്നു. അവർ സോഷ്യോളജി അസോസിയേഷൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. അവർക്കുവേണ്ടി മുൻകൂട്ടി എഴുതിത്തയ്യാറാക്കിയ ഉദ്ഘാടനപ്രസംഗം വായിച്ചത് ഞാനാണ്.

ആ തീയതി ഞാൻ ഓർത്തുവെച്ചിരിക്കുന്നു—1970 ഡിസംബർ 8 ചൊവ്വാഴ്ച.

പിറ്റേന്ന് കോളേജിലെത്തുമ്പോഴേക്ക് ഞങ്ങളൊക്കെ ചില്ലറ ഹീറോമാരായിക്കഴിഞ്ഞിരുന്നു. പെരിയമ്മ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിക്കുന്ന ചിത്രം സഹിതം എല്ലാ പത്രങ്ങളിലും വാർത്ത!

നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ കോളേജ് നോട്ടീസ് ബോർഡിൽ അസോസിയേഷൻ ഉദ്ഘാടനത്തിലെ വിവിധ രംഗങ്ങളുടെ ഫോട്ടോ പതിച്ചുകണ്ടു. ഒന്നുരണ്ട് ഫോട്ടോകളിൽ ഞാനുണ്ട്. ഉദ്ഘാടനപ്രസംഗത്തിന്റെ ഫോട്ടോയിൽ പെരിയമ്മയും ഞാനും മാത്രമേയുള്ളൂ—എനിക്ക് ചില്ലറ പത്രാസ് തോന്നി. നാലാള് കാണുന്നിടത്ത് ഫോട്ടോ വന്നല്ലോ.

ഊണുകഴിഞ്ഞ് ബാലകൃഷ്ണൻ ആറാട്ടുപുഴയോടൊപ്പം ക്ലാസിലേക്ക് പോവുമ്പോൾ ഒന്നുകൂടി ആ ഫോട്ടോ ചെന്നുനോക്കി. എന്റെ തല പെരുത്തു.

ഞാനും പെരിയമ്മയും നിൽക്കുന്ന ഫോട്ടോവിന്റെ ചുവടെ ഒരടിക്കുറിപ്പ് "വിരൂപരാജനും വിരൂപറാണിയും."

ബാലൻ ആർത്തു.

"കൊട്ട് കയ്യ്. ഉഗ്രൻ ഐഡിയാ."

എനിക്ക് കൈകൊണ്ട് ബാലന്റെ മോന്തയ്ക്ക് ഒന്നു കൊടുക്കാനാണ് തോന്നിയത്.

നോട്ടീസ് ബോർഡിന് പൂട്ടുണ്ടായിട്ടും ആരിത് ഒപ്പിച്ചു? എങ്ങനെയാണ് അതൊന്ന് വലിച്ചു കീറിക്കളയുക? ഏതു പ്യൂണിന്റെ സേവപിടിച്ചാലാണ് അതൊന്ന് എടുത്തുമാറ്റാൻ കഴിയുക?

കാണേണ്ടവരൊക്കെ കണ്ടുകഴിഞ്ഞിരിക്കും. ഇനിയിപ്പോൾ കീറിക്കളഞ്ഞിട്ട് എന്തു കൃതം?

ഞാൻ തലയും താഴ്ത്തി ക്ലാസിലേക്ക് നടന്നു. അബ്ദുറഹിമാന്റെയും സരസയുടെയും മുഖത്ത് ചിരി. ആനന്ദവല്ലിയും ശോഭയും എന്തോ ഒളിക്കാൻ നോക്കുന്നുണ്ട്. അബു ആ അടിക്കുറിപ്പ് ആഘോഷിക്കുന്നതുപോലെ തോന്നി.

രണ്ടു ദിവസത്തിനകം വേറെ ഏതോ ഫോട്ടോകൾ പതിക്കാൻ വേണ്ടി ഈ ഫോട്ടോകൾ എടുത്തുനീക്കിയെങ്കിലും എന്റെ പേര് കിടന്നു. വിരൂപരാജൻ!

സുന്ദർദാസ് ചോദിച്ചു;

"ഞാൻ പ്രവചിച്ചിരുന്നില്ലേ, മത്സരത്തിന് പോയാൽ വിരൂപരാജന്റെ പട്ടം നിനക്ക് കിട്ടുമെന്ന്. ഇപ്പോഴോ, പോകാതെത്തന്നെ കിട്ടി!"

എനിക്ക് കയ്ച്ചു.

"പിന്നെ, നീ കവിയല്ലേ, ക്രാന്തദർശി! പോടാ."

ചില മാസങ്ങൾ കഴിഞ്ഞാണ്.

വെളുപ്പിന് ആ പത്രവാർത്തകണ്ട് ഞാൻ വായപൊളിച്ചുപോയി.

വിരൂപറാണിയെ ബലാത്സംഗം ചെയ്തു!

തളിയിലെ ഏതോ പീടികക്കോലായിൽ കിടന്നുറങ്ങുകയായിരുന്ന പെരിയമ്മ ബലാത്സംഗത്തിന് ഇരയായി അവശനിലയിൽ ആസ്പത്രിയിലാണ്. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു... ദൈവമേ, എന്തൊരു നാട്?

വിരൂപറാണിയായിട്ടും രക്ഷയില്ല!

വൈകുന്നേരം ആഴ്ചവട്ടത്തെ വീട്ടിലിരുന്ന് ക്ലാർക്ക് മാധവൻനായരോട് ഞാൻ ആ വാർത്തയുടെ വിവിധ വശങ്ങളെപ്പറ്റി വർത്തമാനം പറയുകയാണ്. അപ്പോൾ എനിക്കൊരു ഫോൺ—ചന്ദ്രിക ആഴ്ചപ്പതിപ്പിൽനിന്ന് കാനേഷ് പൂനൂരാണ്. വിഷയം ബലാത്സംഗം. കേസ്സുമായി ബന്ധപ്പെട്ട് കാരശ്ശേരിയെ പോലീസ് അന്വേഷിക്കുന്നു എന്ന് കെ. പി. കുഞ്ഞിമ്മൂസ പറഞ്ഞുവത്രെ! ഞാൻ ആർത്തുചിരിച്ചു.

പിറ്റേന്ന് രാവിലെ ബസ്സിൽവെച്ച് സുന്ദർദാസിനെ കണ്ടപ്പോൾ ഞാൻ കാനേഷ് പറഞ്ഞ തമാശ പൊട്ടിച്ചു. ഉടനെ കക്ഷി പറയുകയാണ്. "ഓ, ഇത് ഇന്നലെത്തന്നെ കോളേജിൽ ചിലരൊക്കെ പറഞ്ഞിരുന്നു."

ഞാൻ വിയർത്തുപോയി.

വൈകുന്നേരം എൻ. ബി. എസ്. പൂട്ടി വീട്ടിലേക്ക് സൈക്കിളിൽ മടങ്ങുന്നവഴി ആഴ്ചവട്ടത്തുവച്ച് കണ്ടപ്പോൾ ശ്രീധരൻ ചോദിച്ചു: "നിന്നെ എപ്പഴാ പോലീസ് വിട്ടത്?" കുഞ്ഞിമ്മൂസ്സയോ കാനേഷോ ഫോൺ ചെയ്തു കാണും.

ദൈവമേ, കളി കാര്യമാവുകയാണോ?

അതിന്റെ പിറ്റേന്ന് വാർത്ത വന്നു. വിരൂപറാണിയെ ബലാത്സംഗം ചെയ്തവനെ പൊലീസ് പിടികൂടി. ചില്ലറ മോഷണവുമായി നടക്കുന്ന തമിഴനാണ് പ്രതി. തീരെ ചെറുപ്പം. പെരിയമ്മയുടെ പകുതി വയസ്സേയുള്ളൂ.

പതുക്കെ ആ വാർത്തയുടെ ചൂടും ചൂരും കെട്ടടങ്ങി.

ഏതാനും മാസം കഴിഞ്ഞ് പെരിയമ്മ എന്തോ അസുഖം ബാധിച്ച് മരണപ്പെട്ട വാർത്ത ചരമംകോളത്തിൽ പ്രത്യക്ഷപ്പെട്ടു. ആയിടെ ചിലർ എനിക്കെഴുതിയ കത്തുകളിൽ അനുശോചനം അറിയിച്ചിരുന്നു.

കഴിഞ്ഞയാഴ്ച:

ചില സുഹൃത്തുക്കളും ഞാനും എന്തോ സംസാരിച്ചുനിൽക്കുകയാണ്. അവിടേയ്ക്കുവന്ന ഒരു പരിചയക്കാരൻ എന്നോടു ചോദിച്ചു;

"കുറേമുമ്പ് കോഴിക്കോട്ട് ഒരു വൈരൂപ്യമത്സരം നടന്നിരുന്നൊ?"

"ഉവ്വ്, കാൽനൂറ്റാണ്ടാവുന്നു—1970-ലാണ്."

"നിങ്ങളും ചില സുഹൃത്തുക്കളും ചേർന്നാണോ അത് സംഘടിപ്പിച്ചത്?"

"അല്ല. ഞാൻ അന്ന് കോളേജിൽ പഠിക്കുകയാണ്. രാമദാസൻ വൈദ്യരും ചങ്ങാതിമാരും കൂടിയാണ് അത് ഒപ്പിച്ചത്."

"നിങ്ങൾക്കതിൽ ഒരു പങ്കുമില്ലേ?"

"ഇല്ല. എനിക്കത് കാണാൻ പോകാൻ കൂടി കഴിഞ്ഞില്ല."

"ഒരു കാര്യം ചോദിക്കട്ടെ. ദേഷ്യം വരരുത്."

"എന്താണ്?" എന്റെ ആകാംക്ഷ വർധിച്ചു.

"പറഞ്ഞ ആളെ ചോദിക്കരുത്."

ചിരി വരുത്തിക്കൊണ്ട് ഞാൻ പറഞ്ഞു.

"എന്തോ ദുഷിപ്പായിരിക്കും. ആളെ പറയേണ്ട. മനസ്സിന് ഭാരമാവും. കാര്യം പറയൂ."

"സ്ത്രീകളെപ്പറ്റി നിങ്ങൾ എഴുതിയ ചില ലേഖനങ്ങളെപ്പറ്റി സംസാരിക്കാനിടയായി. അയാൾ നിങ്ങളെ വളരെ ആക്ഷേപിച്ചു പറഞ്ഞു."

"കാര്യമെന്താ?"

"അന്ന് വൈരൂപ്യമത്സരം നടന്ന സ്റ്റേജിൽ വെച്ച് ആരോ വിരൂപറാണിയെ പരസ്യമായി ചുംബിച്ചുവെന്ന്. നേരാണോ?"

കൂട്ടുകാരോടൊപ്പം ഞാനും പൊട്ടിച്ചിരിച്ചുപോയി. ഞാൻ പറഞ്ഞു,

"അങ്ങനെയൊരു സംഭവം നടന്നതായി ഞാൻ കേട്ടിട്ടില്ല."

അയാൾ കണ്ണാലെ കണ്ടതാണെന്ന് പറഞ്ഞു.

"എന്തോ, ഞാൻ കേട്ടിട്ടില്ല."

"നിങ്ങളാണത് ചെയ്തത് എന്നും പറഞ്ഞു. നേരാണോ?

ഞാൻ ശരിക്കും ഞെട്ടി.

തടി ഓർമയില്ലാതെ ഞാൻ നിൽക്കുകയാണ്. ആരൊക്കെയോ പിന്നെയും എന്തൊക്കെയോ പറയുന്നുണ്ട്. കൂട്ടച്ചിരി മുഴങ്ങുന്നുണ്ട്... ആരോ എവിടെയോ പൊട്ടിച്ച ഒരു തമാശ ഇരുപത്തിനാലു കൊല്ലം കഴിഞ്ഞിട്ടും ചൂട് തണിയാതെ നിലനിൽക്കുന്നു.

ഇപ്പോഴിതാ, കറങ്ങിത്തിരിഞ്ഞ് കാര്യമായ ഒരപവാദത്തിന്റെ കോലത്തിൽ അതെന്നെ തിരഞ്ഞെത്തിയിരിക്കുന്നു...

ഈശ്വരാ, ഈ ദുനിയാവിൽ എങ്ങനെ കഴിഞ്ഞുകൂടും?

മാതൃഭൂമി വാരാന്തപ്പതിപ്പ്: 19 ജൂൺ 1994.

□

